# അമൃതയുടെ എവ്യൂ സ്കൂളുകളിൽ ലഭ്യമാകും; തുടക്കം മഹാരാഷ്ട്രയിൽ

Published on 04 Jan 2013

കൊച്ചി: അമൃത സർവകലാശാലയുടെ ഇ-ലേർണിംഗ് പദ്ധതിയായ എവ്യൂ ഔദ്യോഗികമായി മഹാരാഷ്ട്രയിലെ സ്കൂളുകളിൽ ലഭ്യമാകും. 2,000ൽ അധികം സർവകലാശാലകളിലും കോളേജുകളിലും എവ്യൂ നടപ്പിലാക്കിയതിനു ശേഷമാണ്, ഇപ്പോൾ സ്കൂളുകളിൽ ലഭ്യമാക്കുന്നത്.

മാതാ അമൃതാനന്ദമയിയുടെ ഭാരത യാത്രയുടെ ഭാഗമായി രണ്ട് ദിവസത്തെ പൂണെ സന്ദർശനത്തിൽ ഈ പദ്ധതി നിഗിടി അമൃത വിദ്യാലയം സ്കൂളിൽ വെച്ച് ജനവരി 4ന് ഉദ്ഘാടനം ചെയ്യും.

പ്രശസ്ത കമ്പ്യൂട്ടർ ശാസ്ത്രജ്ഞനും ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ കമ്പ്യൂട്ടർ ആയ പരമിന്റെ ശിലിപിയുമായ ഡോ വിജയ് ഭട്കര്, മുൻ യു ജി സി ചെയർമാൻ ഡോ അരുൺ നിഗ്വേകര്, മഹാരാഷ്ട്ര പ്രാദേശിക വികസന ഡെപ്യൂട്ടി കമ്മിഷണർ ഇന്ദ്രജിത്ത് ദേശ്മുഖ്, മഹാരാഷ്ട്ര സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ശ്രീധർ സാലുൻകെ, എംസിഇആർടി ഡെപ്യൂട്ടി ഡയറക്ടർദിനകർ പാട്ടിൽ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

രാജ്യത്തെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐഐടി ബോംബെ, ഐഐഐടി ഹൈദരാബാദ്, മുംബൈ സർവകലാശാല, ജെ.എന്‍.ടി.യു. ഹൈദരാബാദ് തുടങ്ങിയവർ എവ്യൂ ഓൺലൈൻ ക്ലാസ്സുകൾക്കും ശില്പശാലകൾക്കും സെമിനാറുകൾക്കും ഉപയോഗിക്കുന്നുണ്ട്.

എവ്യൂ ഉപയോഗിച്ച് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള 14,000 അദ്ധ്യാപകരെ ഓൺലൈൻ ആയി ഒരേസമയം വിജയകരമായി പരിശിലിപ്പിച്ചിട്ടുണ്ട്.